2012-13

1. 2851-00-106-34 Price Fluctuation Fund എന്ന ഹെഡ്ഡിൽനിന്നും 50 ലക്ഷം രൂപ 2351-00-106-33 Debt Relief to Coir Workers എന്ന ഹെഡ്ഡിലേക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്യ.

2. 2851-00-106-32 Kerala Coir Marketing Consortium/ Marketing Company എന്ന ഹെഡ്ഡിൽനിന്നും 130 ലക്ഷം രൂപ 2851-00-106-95 Marketing, Publicity, Propoganda including Trade Exhibition എന്ന ഹെഡിലേയ്ക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്യ.

3. 2851-00-106-31 Cluster Development Programme in Coir Sector എന്ന ഹെഡ്ഡിൽനിന്നും 112.65 ലക്ഷം രൂപ 2851-00-106-62 Regulated Machanization of Coir Industries എന്ന ഹെഡ്ഡിലേക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്യ.

4. 2851-00-106-31 Cluster Development Programme in Coir Sector എന്ന ഹെഡ്ഡിൽനിന്നും 112.65 ലക്ഷം രൂപ 2851-00-106-75 Grant for Centres for research & Development in Coir Technology എന്ന ഹെഡ്ഡിലേക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്യ.

കയർ മേഖല-യുവ സംരംഭകർക്ക് സഹായം

184 (1227) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിൽ സ്റ്റാർട്ട്-അപ്പ് ഇൻക്യൂബേറ്റർ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പുതിയ കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് യുവ സംരംഭകർക്ക് വേണ്ട സഹായം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യുവ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ഇത്വഴി ലഭിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർ ഇൻക്യുബേഷൻ സെല്ലും രൂപീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അത് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കയർ മേഖലയിൽ പുതിയ ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതികവിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുക, ഇത്തരം നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ബിസിനസ് സംരംഭങ്ങളെ സഹായിക്കുക തുടങ്ങിയവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) നൂതന ആശയങ്ങൾ, പുതിയ സാങ്കേതിക വിദ്യ എന്നിവ കയർമേഖലയിൽ നടപ്പാക്കുന്നതിന് മുന്നോട്ടുവരുന്ന യുവസംരംഭകരെ സാങ്കേതികമായി സഹായിക്കുന്നതിന് ഇൻക്യുബേഷൻ സെല്ലും സാമ്പത്തികമായി സഹായിക്കുന്നതിന് ഇന്നവേഷൻ ഫണ്ടും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) നൂതനആശയങ്ങൾ പ്രയോജനപ്പെടുത്തി നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക്/ഏജൻസികൾക്ക് ഇതിന്റെ സഹായം ലഭിക്കുന്നു. കയർ മേഖലയിലെ ഗവേഷണ വികസന സ്ഥാപനമായ എർ.സി.ആർ.എം.ഐ.-യുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കയർ സഹകരണ സംഘങ്ങൾ

185 (1228) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര കയർ സഹകരണ സംഘങ്ങളാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച സംഘങ്ങളിൽ കയർ വിപണനവുമായി ബന്ധപ്പെട്ട് എത്രകോടി രൂപയുടെ ഇടപാടുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly